2024
MAY
10
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## എയർ ഇന്ത്യ എക്സ്പ്രസ് ജീവനക്കാർ സമരം പിൻവലിച്ചു; പിരിച്ചുവിട്ട 25 ജീവനക്കാരെയും തിരിച്ചെടുക്കും

**കൊച്ചി :** ആയിരക്കണക്കിനു യാത്രക്കാരെ 2 ദിവസം പെരുവഴിയിലാക്കിയ മിന്നൽ സമരം എയർ ഇന്ത്യ എക്സ്പ്രസ് ജീവനക്കാർ പിൻവലിച്ചു. കൂട്ടത്തോടെ രോഗ അവധി (സിക്ക് ലീവ്) എടുത്ത ഏകദേശം 250 ജീവനക്കാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കാൻ ഡൽഹിയിൽ ചീഫ് ലേബർ കമ്മിഷണറുടെ മധ്യസ്ഥതയിൽ നടന്ന ചർച്ചയിൽ ധാരണയായി. ജീവനക്കാരുടെ സംഘടനയുടെയും മാനേജ്മെന്റിന്റെയും പ്രതിനിധികൾ പങ്കെടുത്തു.

മിന്നൽ പണിമുടക്ക് നടത്തിയതിന്റെ പേരിൽ ഇന്നലെ പിരിച്ചുവിട്ട 25 ജീവനക്കാരെയും തിരിച്ചെടുക്കും. അനാരോഗ്യം ചൂണ്ടിക്കാട്ടി അവധിയെടുത്ത ജീവനക്കാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ജോലിയിൽ തിരികെ പ്രവേശിക്കും. ജീവനക്കാർ ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് കമ്പനി ഉറപ്പുനൽകി. 28ന് വീണ്ടും മധ്യസ്ഥയോഗം നടക്കും.

സർവീസുകൾ പൂർണ സ്ഥിതിയിലാകാൻ 3 ദിവസമെങ്കിലുമെടുക്കും. ഷെഡ്യൂളുകളുടെ എണ്ണം ചുരുക്കിയത് പഴയ അവസ്ഥയിൽ എത്താനും ഇത്രയും തന്നെ സമയമെടുക്കും. പ്രതിദിനം 380 സർവീസുകൾ നടത്തുന്ന വിമാനക്കമ്പനിയാണ് ഹരിയാനയിലെ ഗുരുഗ്രാം ആസ്ഥാനമായ എയർ ഇന്ത്യ എക്സ്പ്രസ്. അവധിക്കാലമായതുകൊണ്ട് ഏറ്റവും തിരക്കുള്ള സമയത്താണ് സമരം നടന്നത്. പ്രതിസന്ധി പരിഹരിക്കാൻ പത്തോളം റൂട്ടുകളിൽ എയർ ഇന്ത്യ വിമാനങ്ങളും ഇന്നലെ സർവീസ് നടത്തി.

## ഇന്ത്യയിലെ പൊതു തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ യുഎസ് ശ്രമിക്കുന്നു: റഷ്യ

**മോസ്കോ:** ഇന്ത്യയിലെ പൊതു തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ യുഎസ് ശ്രമിക്കുന്നെന്നു റഷ്യ. ഇന്ത്യയിൽ മതസ്വാതന്ത്ര്യ ലംഘനമുണ്ടായെന്ന തരത്തിൽ യുഎസ് ഫെഡറൽ കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെയാണ് റഷ്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ പരാമർശം. ഇന്ത്യയെക്കുറിച്ച് അറിയാതെയാണ് മതസ്വാതന്ത്ര്യത്തെ കുറിച്ച് യുഎസ് അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും റഷ്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ വക്താവ് മരിയ സഖറോവ അറിയിച്ചു.



ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പിനെയും ആഭ്യന്തര രാഷ്ട്രീയ സാഹചര്യത്തെയും അസന്തുലിതമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ പ്രസ്താവനയെന്നും ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുകയാണ് യുഎസ് ചെയ്തതെന്നും റഷ്യ ആരോപിച്ചു.

യുഎസ് സ്റ്റേറ്റ് കമ്മിഷൻ ഓൺ ഇന്റർനാഷനൽ റിലീജിയസ് ഫ്രീഡം പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിൽ ഇന്ത്യയുടെ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് വിമർശനങ്ങളുണ്ടായിരുന്നു. അതിനത്തുടർന്നാണ് റഷ്യയുടെ പ്രസ്താവന. യുഎസ് റിപ്പോർട്ടിനെതിരെ ഇന്ത്യയും രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചിരുന്നു.

## ശിവകാശിയിൽ പടക്കശാലയിൽ വൻ സ്ഫോടനം; 8 മരണം

**ചെന്നൈ :** തമിഴ്നാട്ടിലെ വിരുദുനഗർ ജില്ലയിൽ ശിവകാശിക്ക് സമീപം ചെങ്കമലപ്പട്ടിയിലെ പടക്കനിർമാണ ശാലയിലുണ്ടായ വൻ സ്ഫോടനത്തിൽ എട്ടു മരണം. ഗുരുതരമായി പരുക്കേറ്റ 7 സ്ത്രീകൾ ഉൾപ്പെടെ 13 പേരെ ശിവകാശി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മരിച്ചവർ പടക്കനിർമാണ ശാലയിലെ തൊഴിലാളികളാണെന്നാണ് വിവരം. പൊലീസും അഗ്നിരക്ഷാ സേനയും രക്ഷാപ്രവർത്തനം തുടരുകയാണ്.

ശിവകാശി കീഴാതിരുതങ്കലിന് സമീപം ചെങ്ങമലപ്പട്ടിയിൽ ശരവണകുമാറിന്റെ ഉടമസ്ഥതയിലുള്ള സുദർശൻ എന്ന പടക്ക നിർമാണ ഫാക്ടറിയിലാണ് അപകടം.

നൂറിലധികം പേർ ഈ പ്ലാന്റിൽ ജോലി ചെയ്യുന്നതിനിടെ വ്യാഴാഴ്ച ഉച്ചയ്ക്ക് ഫാൻസി ഇനം പടക്കങ്ങൾ മിക്സ് ചെയ്യുന്നതിനിടെയുണ്ടായ ഘർഷണത്തെ തുടർന്നാണ് പൊട്ടിത്തെറിയുണ്ടായതെന്ന് പറയുന്നു.

ശിവകാശിയിൽനിന്ന് നാല് യൂണിറ്റ് ഫയർ ആൻഡ് റെസ്ക്യൂ ടീം എത്തിയാണ് തീയണച്ചതും മൃതദേഹങ്ങൾ പുറത്തെടുത്തതും.

രണ്ട് അഡീഷനൽ പൊലീസ് സൂപ്രണ്ടുമാരും സെൻട്രൽ പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് ഉദ്യാഗസ്ഥരും സ്ഥലത്തെത്തി. അപകടകാരണം സംബന്ധിച്ച് അന്വേഷണം ആരംഭിച്ചു.

## വിപണികൾ കൂപ്പു കുത്തുന്നു

**കൊച്ചി:** ആഗോള മേഖലയിലെ പ്രതികൂല വാർത്തകൾക്കൊപ്പം പൊതുതെരഞ്ഞെടുപ്പിൽ ബിജെപിക്ക് കാലിടറുന്നെന്ന ആശങ്കകളും രാജ്യത്തെ ഓഹരി വിപണിക്ക് വൻ തിരിച്ചടി സൃഷ്ടിച്ചു. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് 1,062 പോയിൻറ് നഷ്ടവുമായി 72,404ൽ വ്യാപാരം അവസാനിപ്പിച്ചു. ദേശീയ സൂചികയായ നിഫ്റ്റി 335 പോയിൻറ് ഇടിഞ്ഞ് 21,967ൽ വ്യാപാരം പൂർത്തിയാക്കി. ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികളും അടിതെറ്റി. എൽ ആൻഡ് ടി, ഏഷ്യൻ പെയിൻറ്സ്, ഐടിസി, ജെഎസ്ഡബ്ല്യു സ്റ്റീൽ, ഇൻഡസ് ഇൻഡ് ബാങ്ക്, റിലയൻസ് ഇൻഡസ്ട്രീസ് തുടങ്ങിയവയാണ് നഷ്ടം നേരിട്ട പ്രമുഖ ഓഹരികൾ. തുടർച്ചയായ അഞ്ചാം ദിനമാണ് ഓഹരി സൂചികകൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിക്കുന്നത്.



പൊതുതെരഞ്ഞെടുപ്പിൽ മോദി സർക്കാർ വീണ്ടും അധികാരത്തിലെത്തുമെന്ന പ്രതീക്ഷയിലാണ് വിപണി കഴിഞ്ഞ ദിവസങ്ങളിൽ വലിയ മുന്നേറ്റം നടത്തിയത്. എന്നാൽ പോളിങ് ശതമാനത്തിൽ വലിയ ഇടിവുണ്ടായതോടെ പ്രതീക്ഷിച്ച സീറ്റുകൾ ലഭിക്കാനിടയില്ലെന്നാണ് പൊതുവേ വിലയിരുത്തുന്നത്.

ലോകമെമ്പാടുമുള്ള വിപണികൾ തളർച്ചയിലാണെങ്കിലും ക്രൂഡ് ഓയിൽ വില ഉയർന്ന തലത്തിലാണ്. നിലവിൽ ബ്രെൻഡ് ക്രൂഡിൻറെ വില ബാരലിന് 84 ഡോളറിന് മുകളിലാണ് വ്യാപാരം നടത്തുന്നത്. ഇതോടെ നാണയപ്പെരുപ്പ ഭീഷണി വീണ്ടും ലോക വിപണികളെ മുൾമുനയിലാക്കുന്നു.

ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസങ്ങളിൽ രാജ്യത്തെ കോർപ്പറേറ്റ് മേഖലയിൽ ലാഭക്ഷമത കുറഞ്ഞതും മാർജിനിൽ ഇടിവുണ്ടായതും നിക്ഷേപ വിശ്വാസത്തെ പ്രതികൂലമായി ബാധിച്ചു. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമായതിനാൽ റിസർവ് ബാങ്ക് വീണ്ടും പലിശ വർധന നടപടികളിലേക്ക് നീങ്ങുമെന്ന ആശങ്കയും ശക്തമാണ്. ആഗോള മേഖലയിൽ ഡോളറിൻറെ അസ്ഥിരതയും മാന്ദ്യ ഭീഷണിയും വിപണിക്ക് ശക്തമായ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്.






# ചിന്മയ ശങ്കരം 2024ന് തിരിതെളിഞ്ഞു

**കൊച്ചി:** എറണാകുളത്തപ്പൻ മൈതാനിയിൽ തയ്യാറാക്കിയ പ്രൗഢ ഗംഭീരമായ വേദിയിൽ ആയിരങ്ങളെ സാക്ഷിയാക്കി ചിന്മയ ശങ്കരം 2024ന് തിരിതെളിഞ്ഞു. ഇനിയുള്ള നാലുനാളുകൾ എറണാകുളത്തപ്പൻ മൈതാനിയിൽ നിന്ന് വേദാന്ത വിഞ്ജാനത്തിന്റെ ഊർജം പ്രവഹിക്കും. ഗോവ ഗവർണർ അഡ്വ.പി.എസ്.ശ്രീധരൻ പിള്ള ഭദ്രദീപം കൊളുത്തി ചിന്മയ ശങ്കരം 2024ന്റെ ഉദ്ഘാടനം നിർവഹിച്ചു. ചിന്മയ ശങ്കരം 2024 കേരള സമൂഹത്തിൽ പുതിയൊരു ആധ്യാത്മീക പാത തുറക്കുമെന്ന് അദ്ദഹം പറഞ്ഞു. സ്വാമി ചിന്മയാനന്ദയും, ജഗദ്ഗുരു ആദി ശങ്കരാചാര്യരും രാജ്യത്തിന്റെ ഐക്യത്തിനും മതസൗഹാർദത്തിനുമായി നിലകൊണ്ടവരാണെന്ന് അദ്ദേഹം പറഞ്ഞു. ചിന്മയ മിഷൻ ആഗോള അധ്യക്ഷൻ സ്വാമി സ്വരൂപാനന്ദ സരസ്വതി അനുഗ്രഹ പ്രഭാഷണം നടത്തി. വിദ്യാഭ്യാസത്തെക്കുറിച്ച് സ്വാമി ചിന്മയാനന്ദയുടെ സ്വപ്നം സാർധകമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ചിന്മയ മിഷനുകീഴിലുള്ള ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ചിന്മയ ശങ്കരം 2024 ലോകത്തിന് പുതിയ ദിശാബോധം പകർന്ന് നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിന്മയ മിഷൻ കേരള അധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി ചിന്മയ ശങ്കരത്തെക്കുറിച്ച് വിശദീകരിച്ചു.
നൂറ്റിയെട്ട് എന്ന സംഖ്യയ്ക്ക് ഹൈന്ദവർക്കിടയിലുള്ള പവിത്രത കണക്കിലെടുത്താണ് ചിന്മയാനന്ദ സ്വാമിയുടെ 108ാം ജന്മദിനം ഇക്കുറി വിപുലമായി ആചരിക്കാൻ തീരുമാനിച്ചതെന്ന് അദ്ദേഹം വ്യക്തമാക്കി.
ചിന്മയ മിഷൻ ആഗോള അധ്യക്ഷൻ സ്വാമി സ്വരൂപാനന്ദ സരസ്വതി ഗവർണർക്ക് ഉപഹാരം സമ്മാനിച്ചു. ചിന്മയ ശങ്കരം ജനറൽ കൻവീണർ എ.ഗോപാലകൃഷ്ണൻ സ്വാഗതവും, ചിന്മയ മിഷൻ കേരള ചീഫ് സേവക് സുരേഷ് മോഹൻ നന്ദിയും പറഞ്ഞു

# പുതിയ ടാറ്റ എയ്സ് ഇവി 1000 അവതരിപ്പിച്ചു

**കൊച്ചി:** ഇ കാർഗോ മൊബിലിറ്റി സൊല്യൂഷൻ ശക്തിപ്പെടുത്താൻ പുതിയ എയ്സ് ഇവി 1000 അവതരിപ്പിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റാ മോട്ടോർസ്. ഏറ്റവും അവസാന സ്ഥലത്തേക്ക് ചരക്കു നീക്കം ലക്ഷ്യമിട്ട് നടത്തുന്ന സേവനങ്ങളിൽ (ലാസ്റ്റ് മൈൽ മൊബിലിറ്റി) വിപ്ലവം സൃഷ്ടിക്കാൻ വികസിപ്പിച്ച ഈ സീറോ എമിഷൻ മിനി ട്രക്ക് ഒറ്റ ചാർജിൽ ഒരു ടൺ വരെ ഭാരവും 161 കിലോമീറ്റർ ദൂരം സർട്ടിഫൈഡ് റെയ്ഞ്ചുമാണ് വാഗ്ദാനം ചെയ്യുന്നത്. എഫ്.എം.സി.ജി, പാനീയങ്ങൾ, പെയിന്റ്, ലൂബ്രിക്കന്റുകൾ, എൽ.പി.ജി, പാലും അനുബന്ധ ഉൽപ്പന്നങ്ങളും തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന മികച്ച ഇൻപുട്ടുകൾ സ്വീകരിച്ചാണ് എയ്സ് ഇവി ഈ പുതിയ വേരിയന്റ് വികസിപ്പിച്ചിരിക്കുന്നതെന്ന് ടാറ്റ മോട്ടോർസ് കൊമേഴ്സ്യൽ വെഹിക്കിൾസ് എസ്.സി.വി ആൻഡ് പി.യു വൈസ് പ്രസിഡന്റും ബിസ്നസ് ഹെഡ്ഡുമായ വിനായക് പഥക് പറഞ്ഞു. സമാനതകളില്ലാത്തതും ലാഭകരവും സുസ്ഥിരവുമായ നല്ല വാഹന അനുഭവങ്ങളുടെ ഗുണഭോക്താക്കളായിരുന്നു കഴിഞ്ഞ രണ്ടുവർഷക്കാലം എയ്സ് ഇവി ഉപഭോക്താക്കൾ.ഏഴ് വർഷത്തെ ബാറ്ററി വാറന്റിയും




അഞ്ചു വർഷത്തെ സമഗ്ര പരിപാലന പാക്കേജും സഹിതം സമാനതകളില്ലാത്ത ഡ്രൈവിങ്ങ് അനുഭവം പ്രദാനം ചെയ്യുന്ന എയ്സ് ഇവിയുടെ കരുത്ത് ഇവിഒജെൻ പവർ ട്രെയിൻ ആണ്. ഡ്രൈവിങ്ങ് റേഞ്ച് വർധിപ്പിക്കുന്നതിന് നൂതന ബാറ്ററി കൂളിങ്ങ് സിസ്റ്റവും സുരക്ഷിതവും എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്നതുമായ റീജനറേറ്റീവ് ബ്രേക്കിങ്ങ് സിസ്റ്റവും ഇത് നൽകുന്നു. ഉയർന്ന പ്രവർത്തന സമയം നൽകുന്നതിനായി സാധാരണവും വേഗത്തിലുള്ളതുമായ ചാർജിങ്ങ് സൗകര്യവും ഇതിലുണ്ട്. പൂർണമായി ലോഡ് ചെയ്ത സാഹചര്യങ്ങളിൽ എളുപ്പത്തിൽ കയറ്റം കയറാൻ 130എൻഎം പീക്ക് ടോർക്കോടുകൂടിയ 27കിലോ വാട്ട് (36എച്ച്പി) മോട്ടർ വാഹനത്തിന് കരുത്തേകുന്നു.

# അക്ഷയ തൃതീയ: ഓഫറുകളുമായി കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** കല്യാൺ ജൂവലേഴ്സ് അക്ഷയ തൃതീയ ഓഫറുകൾ പ്രഖ്യാപിച്ചു. ഈ ഓഫറിലൂടെ എല്ലാ ആഭരണങ്ങൾക്കും പണിക്കൂലിയിൽ 25 ശതമാനം ഇളവ് ലഭിക്കും. മൂന്നു ശതമാനം മുതലാണ് പണിക്കൂലി ആരംഭിക്കുന്നത്. രാജ്യത്തെമ്പാടുമുള്ള കല്യാൺ ജൂവലേഴ്സ് ഷോറൂമുകൾ അക്ഷയ തൃതീയ ദിവസം രാവിലെ എട്ടിന് തന്നെ പ്രവർത്തനമാരംഭിക്കും.സ്വർണം വാങ്ങുന്നതിന് ഏറ്റവും ഉചിതമായ ദിവസമാണ് അക്ഷയ തൃതീയയെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. അതിനാൽ അക്ഷയ തൃതീയ ദിവസം രാവിലെ 8 മണിക്ക് തന്നെ കല്യാൺ ജൂവലേഴ്സിൻറെ എല്ലാ ഷോറൂമുകളും പ്രവർത്തനമാരംഭിക്കും. അന്നേ ദിവസം ഉപയോക്താക്കളുടെ തിരക്ക് കൈകാര്യം ചെയ്യുന്നതിനായി അക്ഷയ തൃതീയ സ്പെഷ്യൽ കൗണ്ടറുകളും വേഗത്തിലുള്ള സേവനത്തിനായി എക്സ്പ്രസ് കൗണ്ടറുകളും ഷോറൂമിനുള്ളിൽ സജ്ജമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.കല്യാൺ ജൂവലേഴ്സിൽ വിറ്റഴിക്കുന്ന ആഭരണങ്ങൾ വിവിധതരം ശുദ്ധതാ പരിശോധനകൾക്ക് വിധേയമാക്കുന്നവയും ബിഐഎസ് ഹാൾമാർക്ക് ചെയ്തവയുമാണ്. ആഭരണങ്ങൾക്കൊപ്പം നാല് തലത്തിലുള്ള അഷ്വറൻസ് സാക്ഷ്യപത്രം ലഭിക്കുന്നതിനാൽ കൈമാറുമ്പോഴോ വിറ്റഴിക്കുമ്പോഴോ ഇൻവോയിസിൽ പറഞ്ഞിരിക്കുന്ന ശുദ്ധിക്ക് അനുസരിച്ചുള്ള മൂല്യം സ്വന്തമാക്കാം. കൂടാതെ കല്യാൺ ജൂവലേഴ്സിൻറെ രാജ്യത്തെ എല്ലാ ഷോറൂമുകളിലും ജീവിതകാലം മുഴുവൻ സൗജന്യമായി ആഭരണങ്ങൾ മെയിൻറനൻസ് നടത്തുന്നതിനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിൽ എങ്ങുനിന്നുമുള്ള വിവാഹ ആഭരണങ്ങളുടെ ശേഖരമായ മുഹൂർത്ത്, കല്യാണിൻറെ ജനപ്രിയ ബ്രാൻഡുകളായ പോൾക്കി ആഭരണങ്ങൾ അടങ്ങിയ തേജസ്വി, കരവിരുതാൽ തീർത്ത ആൻറിക് ആഭരണങ്ങൾ അടങ്ങിയ മുദ്ര, ടെംപിൾ ആഭരണങ്ങൾ അടങ്ങിയ നിമാ, നൃത്തം ചെയ്യുന്ന ഡയമണ്ടുകളായ ഗ്ലോ എന്നിവയും ഉപയോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നു.




# ടി ഗ്ലോസ്: കാർ ഡീറ്റയിലിങ്ങുമായി ടൊയോട്ട

**കൊച്ചി:** കാർ ഡീറ്റയിലിങ്ങ് രംഗത്തേക്ക് ചുവട് വച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ. കസ്റ്റമർ ഫസ്റ്റ് എന്ന പ്രതിബദ്ധതയെ മുൻനിർത്തിയാണ് കാർ കെയർ ബ്രാൻഡായ 'ടി ഗ്ലോസ്' അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ടൊയോട്ടയുടെ വാഹനങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഉയർന്ന നിലവാരമുള്ളതും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ കാർ ഡീറ്റയിലിങ്ങ് സേവനങ്ങൾ.2024 മെയ് ഒന്നുമുതൽ ഇന്ത്യയിലെ എല്ലാ അംഗീകൃത ടൊയോട്ട ഡീലർഷിപ്പുകളിലും 'ടി ഗ്ലോസ്" സേവനങ്ങൾ ലഭ്യമാകും.

സെറാമിക് കോട്ടിങ്ങ്, അണ്ടർബോഡി കോട്ടിങ്ങ്, സൈലൻസർ കോട്ടിങ്ങ്, ഇന്റേണൽ പാനൽ പ്രൊട്ടക്ഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, വാഹനത്തിന്റെ ഇന്റീരിയർ എന്റിച്ച്മെന്റ്, എക്സ്റ്റീരിയർ ബ്യൂട്ടിഫിക്കേഷൻ തുടങ്ങിയ സമഗ്ര സേവനങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കും. ഇതോടൊപ്പം എസി ഡക്റ്റ് ക്ലീനിങ്ങും ഇവാപ്പൊറേറ്റർ ക്ലീനിങ്ങും ലഭ്യമാണ്.

# ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്: ലാഭത്തിൽ 40.8 ശതമാനം വർധനവ്

**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് കഴിഞ്ഞ 2024 സാമ്പത്തിക വർഷത്തിന്റെ നാലാം ത്രൈമാസത്തിൽ വാർഷികാടിസ്ഥാനത്തിൽ 40.8 ശതമാനം വർധനവോടെ 285 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിച്ചു. അതേ സമയം ഉയർന്ന തോതിലെ വകയിരുത്തലിന്റെ ഫലമായി 2023 സാമ്പത്തിക വർഷത്തിലെ നാലാം ത്രൈമാസത്തിലെ 101 കോടി രൂപയെ അപേക്ഷിച്ച് 43 കോടി രൂപയുടെ അറ്റാദായമാണ് കൈവരിക്കാനായത്. അതോടൊപ്പം സാമ്പത്തിക വർഷത്തിന്റെ നാലാം ത്രൈമാസത്തിൽ 591 കോടി രൂപ അറ്റ പലിശ വരുമാനം കൈവരിച്ചു. മുൻ വർഷം നാലാം ത്രൈമാസത്തിലെ 499 കോടി രൂപയെ അപേക്ഷിച്ച് 18.4 ശതമാനം വർധനവാണിത്. ആസ്തികളിലെ വരുമാനം 1.9 ശതമാനവും ഓഹരികളിലെ വരുമാനം 20.3 ശതമാനവുമാണ്. മൂലധന പര്യാപ്തതാ നിരക്ക് 23.3 ശതമാനമെന്ന മികച്ച നിലയിലുമാണ്. ബാങ്കിന്റെ ആകെ ബിസിനസ് 27.5 ശതമാനം വാർഷിക വളർച്ചയോടെ 39,527 കോടി രൂപയിലെത്തിയതായും ആകെ വായ്പകൾ 33 ശതമാനം വർധിച്ച് 18,772 കോടി രൂപയിലെത്തിയതായും നാലാം ത്രൈമാസത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികളിൽ 70 ശതമാനവും മൈക്രോ വായ്പകളുടെ സംഭാവനയാണ്. ആകെ നിക്ഷേപം 35.5 ശതമാനം വാർഷിക വളർച്ചയോടെ 19,868 കേടി രൂപയിലെത്തിയിട്ടുണ്ട്. ആകെ നിഷ്ക്രിയ ആസ്തികൾ 4.8 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തികൾ 2.3 ശതമാനവുമാണ്. തൃപ്തികരമായ 28 ശതമാനം വാർഷിക വളർച്ചയോടെ ബാങ്കിന്റെ ബിസിനസ് മികച്ച ആവേഗത്തിലാണു മുന്നോട്ടു പോകുന്നതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു. സാങ്കേതികവിദ്യാ മുന്നേറ്റത്തിൽ തങ്ങൾ വളരെ ശ്രദ്ധയാണു കൊടുക്കുന്നത്. ഉപഭോക്തൃ അനുഭവങ്ങളും പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും മെച്ചപ്പെടുത്താനുള്ള തങ്ങളുടെ ശ്രമങ്ങൾക്ക് ഇതേറെ സഹായകമാണ്. മികച്ച രീതിയിലെ നിരീക്ഷണങ്ങളും തന്ത്രപരമായ നീക്കങ്ങളും വെല്ലുവിളികൾ നേരിട്ടു ഫലപ്രദമായി മുന്നേറാൻ തങ്ങളെ സഹായിക്കുന്നുണ്ട്. സുസ്ഥിരതാ രംഗത്തെ തങ്ങളുടെ പ്രതിബദ്ധത തുടർന്നു കൊണ്ട് ഇഎസ്ജി രംഗത്തു മുന്നേറാനും സാധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.




## ജയ് ജഗന്നാഥ്: ലോഞ്ച് പ്രഖ്യാപിച്ച് പോഗോ ടിവി

**കൊച്ചി :** ഇന്ത്യയിലെ തദ്ദേശീയ കുട്ടികളുടെ വിനോദ ചാനലായ പോഗോ 'ജയ് ജഗന്നാഥ്' ലോഞ്ച് പ്രഖ്യാപിച്ചു. ഇന്ത്യൻ സംസ്കാരവും നാടോടിക്കഥകളിൽ നിന്നുള്ള സൗഹൃദത്തിന്റെ പ്രമേയവും ആഘോഷിക്കുന്ന ഈ പുതിയ ആനിമേറ്റഡ് സീരീസ് കുട്ടികൾക്കും കുടുംബങ്ങൾക്കും ആവേശകരമായ സാഹസികത വാഗ്ദാനം ചെയ്യുന്നുവെന്ന് പിന്നണി പ്രവർത്തകർ പറഞ്ഞു. ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, മറാത്തി, മലയാളം എന്നീ ആറ് ഭാഷകളിൽ സംപ്രേഷണം ചെയ്യുന്ന ഈ ആനിമേറ്റഡ് സീരീസ് മെയ് 20, തിങ്കളാഴ്ച രാവിലെ 9:30ന് ആയിരിക്കും പ്രീമിയർ ഷോ.

## ഉദ്ഘാടനം ചെയ്തു

**തൃശൂർ:** അതിരൂപത 137ാമത് ദിനാഘോഷ കമ്മിറ്റി ഓഫീസ് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര കൊട്ടേക്കാട് ഫൊറോന പള്ളിയിൽ ഉദ്ഘാടനം ചെയ്തു. ഈ മാസം 20നാണ് അതിരൂപത ദിനാഘോഷം കൊട്ടേക്കാട് നടത്തുന്നത്. കൊട്ടേക്കാട് ഫൊറോനയുടെ കീഴിലുള്ള പത്തു പള്ളികളാണ് ഇത്തവണത്തെ അതിരൂപതാ ദിനാഘോഷങ്ങൾക്കു നേതൃത്വം നൽകുന്നത്.



# രാസലഹരി മാനവരാശി നേരിടുന്ന ഏറ്റവും വലിയ ഭീഷണി

**കൊച്ചി:** രാസലഹരിയാണ് ഇന്ന് മാനവരാശി നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ് ശ്യാം സുന്ദർ ഐപിഎസ് പറഞ്ഞു.

ഇൻഫോപാർക്കും കൊച്ചി സിറ്റി പോലീസും സംയുക്തമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ചെറുപ്പക്കാരായ ജോലിക്കാരിലാണ് ഏറ്റവുമധികം ലഹരി ഉപയോഗിക്കാനുള്ള വ്യഗ്രത കാണുന്നത്. വീട്ടിൽ നിന്ന് മാറി, കൂട്ടുകാർക്കൊപ്പം ഒറ്റയ്ക്ക് താമസിക്കുന്നതിലെ രസത്തിൽ നിന്നാണ് ലഹരിയിലേക്ക് വഴുതി വീഴുന്നത്. എന്നാൽ രാസലഹരിയിലേക്ക് പോകുന്നത് മാരകമാണെന്ന് അദ്ദേഹം പറഞ്ഞു.

മെത്ത്ആംഫൻറമൈൻ പോലുള്ള രാസലഹരി മൂന്നു പ്രാവിശ്യം ഉപയോഗിച്ചാൽ തന്നെ അതിന് അടിമയായി മാറും. ഇത് പലരും മനസിലാക്കുന്നില്ല.ലഹരിക്കെതിരായ ബോധവത്കരണം ശക്തമായെങ്കിൽ മാത്രമേ ഇതിൻറെ ആവശ്യക്കാർ കുറയുകയുള്ളൂ.

വിതരണശൃംഖല തടസ്സപ്പെടുത്താനുള്ള പ്രയത്നങ്ങൾ ഒരു പരിധി വരെ മാത്രമേ ഫലം കാണുന്നുള്ളൂവെന്നും കമ്മീഷണർ പറഞ്ഞു. ഇൻഫോപാർക്കിലെ വിവിധ ഐടി കമ്പനികളിൽ നിന്നായി 150 ഓളം ജീവനക്കാരും മേധാവികളും പരിപാടിയിൽ പങ്കെടുത്തു.

തൃക്കാക്കര അസി. കമ്മീഷണർ സന്തോഷ് കുമാർ സി ആർ, എസ് എച്ച്ഒ അനിൽകുമാർ ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി കെ തോമസ് ജിയോജിത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ എ ബാലകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു. സദസ്സിൽ നിന്നുള്ള ചോദ്യങ്ങൾക്ക് കമ്മീഷണർ മറുപടി നൽകി.




# കെ ആർ ഗൗരിയമ്മയുട മൂന്നാം ചരമവാഷികാചരണം നാളെ

**കൊച്ചി:** മുൻ മന്ത്രിയും ജെഎസ്എസ് സ്ഥാപക നേതാവുമായ കെ ആർ ഗൗരിയമ്മയുടെ മൂന്നാം ചരമ വാർഷികം നാളെ (മെയ് 11, ശനിയാഴ്ച) വിവിധ പരിപാടികളോടെ ആചരിക്കുമെന്ന് ജെഎസ്എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ എൻ രാജൻ ബാബു വാർത്താ കുറിപ്പിൽ അറിയിച്ചു. സംസ്ഥാനത്തെ 14 ജില്ലകളിലും കെ ആർ ഗൗരിയമ്മ മൂന്നാം സ്മൃതിദിനം എന്ന പേരിൽ അനുസ്മരണ സമ്മേളനങ്ങളും അനാഥാലയങ്ങളിൽ അന്നദാനവും നടത്തും. എറണാകുളം വഞ്ചി സ്കചയറിൽ രാവിലെ 9.30 ന് നടക്കുന്ന അനുസ്മരണ സമ്മേളനവും ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന തല ആചരണവും ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ.എ എൻ രാജൻ ബാബു ഉഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ വി താമരാഷൻ അധ്യക്ഷത വഹിക്കും.




# പിഡിഡിപി സുവർണ ജൂബിലി ആഘോഷ സമാപനം നാളെ

**കൊച്ചി:** മധ്യകേരളത്തിലെ പ്രമുഖ പാൽ സംഭരണ വിതരണ പ്രസ്ഥാനമായ പിഡിഡിപിയുടെ സുവർണ ജൂബിലി ആഘോഷ സമാപനം നാളെ (മെയ് 11) ന് നടക്കുമെന്ന് പിഡിഡിപി ചെയർമാൻ ഫാ.തോമസ് മങ്ങാട്ട്, വൈസ് ചെയർമാൻ ഫാ. ബിജോയ് പാലാട്ടി, സെക്രട്ടറി എ സി ജോൺസൺ,ട്രഷറർ ഒ പി മത്തായി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ രാവിലെ 11 ന് കാലടി കുറ്റിലക്കരയിലുള്ള പ്ലാന്റ് അങ്കണത്തിൽ നടക്കുന്ന സമ്മേളനം കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘടാനം ചെയ്യും. കേരള ഹൈക്കോടതി ജഡ്ജി മേരി ജോസഫ്, ബിഷപ് എമിരറ്റസ് മാർ തോമസ് ചകൃത്ത് തുടങ്ങിയവർ പങ്കെടുക്കും. അവശരും പാവപ്പെട്ടവരുമായ സാധാരണ ക്ഷീരകർഷകരെ കൈപിടിച്ചുയർത്തുകയെന്ന ലക്ഷ്യമാണ് പിഡിഡിപി (പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട്) യ്ക്കുള്ളതെന്ന് അധികൃതർ അറിയിച്ചു.

## മുംബൈ സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി നിലവിൽ ബിബിഎ, ബിഡിഎസ് പ്രോഡക്റ്റ് ഡിസൈൻ, ബിഎ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം (ബിഎഎംസിജെ), ബിഎസ്സി ഐടി, ബിഎസ്സി കമ്പ്യൂട്ടർ സയൻസ്, ബിഎസ്സി ഡാറ്റാ സയൻസ്, ബിഎസ്സി ഇക്കണോമിക്സ് ബിഎസ്സി സൈക്കോളജി, ബിഎസ്സി സ്പോർട്സ് & എക്സർസൈസ് സയൻസ് സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി തുടങ്ങിയ ബിരുദ പ്രോഗ്രാമുകൾക്കുള്ള എൻട്രൻസ് ടെസ്റ്റ് (എസ്വിയുഇടി) അപേക്ഷകൾ സ്വീകരിക്കുന്നു. ഏത് സ്ട്രീമിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി അപേക്ഷിക്കാം. കൂടാതെ, വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ ബി.ടെക് പ്രോഗ്രാമുകൾക്കായും ഇപ്പോൾ അപേക്ഷകൾ ക്ഷണിക്കുന്നു. ബി.ടെക് പ്രോഗ്രാമുകൾക്കുള്ള യോഗ്യത ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (ജെഇഇ) അല്ലെങ്കിൽ മഹാരാഷ്ട്ര സ്റ്റേറ്റ് എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷൻ സ്കോറുകൾ അടിസ്ഥാനമാക്കിയുള്ളതാണ്. ബി.ടെക് പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ ഔദ്യോഗിക വെബ്സൈറ്റ് വഴി സമർപ്പിക്കാമെന്ന് സോമയ്യ വിദ്യാവിഹാർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. വി.എൻ.രാജശേഖരൻ പിള്ള പറഞ്ഞു.20242025 അധ്യയന വർഷത്തിൽ 3 സെഷനുകളിലായാണ് ഓൺലൈൻ പ്രൊക്റ്റേർഡ് ടെസ്റ്റ് നടത്തുന്നത്. ആദ്യ സെഷന്റെ സമാപനത്തെത്തുടർന്ന്, യഥാക്രമം മെയ് 19, 2024, ജൂൺ 9, 2024 എന്നിവയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന അടുത്ത രണ്ട് സെഷനുകൾക്കുള്ള അപേക്ഷാ പ്രക്രിയ സർവകലാശാല തുടങ്ങി. രാവിലെ 10 മുതൽ രാത്രി 11 വരെയാണ് പരീക്ഷാ സമയം. ഉദ്യോഗാർത്ഥികൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് ഈ സെഷനുകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം.

# റോസ് കൈമ ബിരിയാണി: ദുൽഖർ സൽമാൻ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ഇന്ത്യയിലും വിദേശത്തും സ്വീകാര്യത നേടിയ റോസ് കൈമ ബിരിയാണി റൈസ് റീബ്രാൻഡിങിനൊരുങ്ങുന്നു. ദുൽഖർ സൽമാനാണ് റോസ് കീമ റൈസിന്റെ പുതിയ ബ്രാൻഡ് അംബാസഡർ. ഒരു കിലോയുടെയും അഞ്ച് കിലോയുടെയും റോസ് കൈമ ബിരിയാണി റൈസ് റീറ്റെയ്ൽ പായ്ക്കറ്റുകൾ റീപാക്കേജിംഗ് പൂർത്തിയാക്കി ഉടൻ വിപണിയിലെത്തുമെന്ന് കമ്പനി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശെയ്ഖ് റബിയുൾ ഹഖ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.




മുപ്പത്, അൻപത് കിലോയുടെ കമേഴ്സ്യൽ പാക്കറ്റുകളും ഉടൻ വിപണിയിൽ ലഭ്യമാകുമെന്നും അദ്ദേഹം അറിയിച്ചു.കഴിഞ്ഞ മുപ്പത് വർഷത്തിലേറെയായി ബർദ്ദമാൻ ആഗ്രോ പ്രോഡക്റ്റ്സ് ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്ന റോസ് കൈമ ബിരിയാണി റൈസ് ഇന്ത്യക്ക് പുറമെ യുഎഇ, ഒമാൻ, സൗദി അറേബ്യ, കുവൈറ്റ്, ഖത്തർ, ബഹ്റൈൻ, യൂറോപ്പ്, യുഎസ്എ തുടങ്ങിയ വിദേശരാജ്യങ്ങളിലും ലഭ്യമാണ്. ബർദ്ദമാൻ റോസ് എന്നാണ് വിദേശ രാജ്യങ്ങളിൽ റോസ് ബ്രാൻഡ് അറിയപ്പെടുന്നത്. ഉപഭോക്താക്കൾക്ക് പ്രീമിയം ഗുണമേന്മയുള്ള അരി ഉത്പന്നങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബർദ്ദമാൻ ആഗ്രോ പ്രോഡക്റ്റ്സ് പ്രവർത്തിക്കുന്നതെന്ന് റീജിയണൽ ബിസിനസ് പാർട്ണർ നാരായൺ ചന്ദ്ര മൈതി പറഞ്ഞു.സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ബിരിയാണി ചാലഞ്ച് എന്ന പേരിൽ വിശക്കുന്നവൻറെ മനസ് നിറയണം എന്ന ആപ്തവാക്യവുമായി കേരളത്തിലുടനീളം ഭക്ഷണ വിതരണ കാരുണ്യ പ്രവർത്തനങ്ങൾ നടത്താനും കമ്പനി പദ്ധതിയിടുന്നുണ്ട്.അസിസ്റ്റൻറ് റീജിയണൽ ബിസിനസ് പാർട്ണർ സോമനാഥ് മൈതി, ചീഫ് മാർക്കറ്റിങ് ഓഫീസർ ശ്രീപതി ഭട്ട്, ഇൻറർനാഷണൽ മാർക്കറ്റിങ് മാനേജർ അബ്ദുൾ ഷുക്കൂർ, അസി.ജനറൽ മാനേജർ ഹസീബുർ റഹ്മാൻ, ഈസ്റ്റേൺ റീജിയണൽ സെയിൽസ് മാനേജർ മാനസ് ബസു, ഇൻറർനാഷണൽ സെയിൽസ് മാനേജർ സി.വി നൗഷാദ്, ബ്ളാക്ക് ആൻഡ് വൈറ്റ് ക്രിയേഷൻസ് ചെയർമാൻ എ.റ്റി അൻവർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# കേരള ഫുട്ബോൾ പുതിയ പാതയിൽ ; സൂപ്പർ ലീഗ് കേരളയുമായി കെഎഫ്എ

**കൊച്ചി:** കേരളാ ഫുട്ബോൾ അസോസിയേഷനും മീരാൻ ഗ്രൂപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന സൂപ്പർ ലീഗ് കേരള യാഥാർഥ്യമാവുന്നു. കേരളത്തിലെ വളർന്നുവരുന്ന കായികതാരങ്ങൾക്ക് മികച്ച അവസരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സൂപ്പർ ലീഗ് കേരള മത്സരങ്ങൾ സംഘടിപ്പിക്കുന്നതന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സൂപ്പർ ലീഗ് കേരളയിൽ കളിക്കുന്ന ടീമുകളുടെ ഗ്രാസ്റൂട്ട്സ് പരിശീലന പരിപാടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ചാക്കോളാസ് ട്രോഫി എന്ന പേരിൽ കേരള യൂത്ത് ഡെവലപ്മെന്റ് പ്രൊജക്ട് ഈവർഷം കെഎഫ്ഐ ആരംഭിച്ചിരുന്നു. ഏകദേശം 5000 കുട്ടികളാണ് 5 ഗ്രൂപ്പുകളിലായി മത്സരിക്കുന്നത്. ഇതിന്റെ ജില്ലാതലത്തിലുള്ള മത്സരങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് സൂപ്പർ ലീഗ് കേരള ക്ലബ്ബുകളുടെ സഹായത്താൽ വർഷം മുഴുവനും സൗജന്യ പരിശീലനം നൽകുമെന്നും സംഘാടകർ അറിയിച്ചു. കേരളത്തിലെ ഫുട്ബോൾ താരങ്ങൾക്ക് നേരത്തെ ലഭിച്ചിരുന്നതുപോലെ നിലവിൽ തൊഴിലവസരങ്ങൾ അധികം ലഭിക്കാത്ത സാഹചര്യത്തിൽ ഇതിന് പരിഹാരമെന്ന നിലയിലാണ് കെ.എഫ്.എയും മീരാൻഗ്രൂപ്പും ചേർന്ന് ഒരു പ്രൊഫഷണൽ ഫുട്ബോൾ ലീഗ് രൂപകൽപന ചെയ്തിരിക്കുന്നത്.




ഏകദേശം ഇരുനൂറോളം കളിക്കാർക്ക് ഒരുനിശ്ചിതകാലയളവ് വരെ പ്രൊഫഷണൽ കരാർ അടിസ്ഥാനത്തിൽ സൂപ്പർ ലീഗ് കേരളയിൽ കളിക്കുന്ന ടീമുകൾ അവസരം നൽകും.നിലവിൽ വിദേശ പരിശീലകരുടെ സേവനവും വിദേശ കളിക്കാരുമായി മത്സരിക്കാനുള്ള അവസരവും വളരെകുറച്ചു കളിക്കാർക്കു മാത്രമാണ് ലഭിക്കുന്നത്. എന്നാൽ സൂപ്പർ ലീഗ് കേരളാ വരുന്നതോടെ കൂടുതൽ പേർക്ക് മികച്ച പരിശീലനവും മികച്ച എതിരാളികളെയും ലഭിക്കുമെന്നതിനാൽ കളിക്കാരുടെ കളിമികവ് കൂടുതൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സംഘാടകർ പറഞ്ഞു.സൂപ്പർ ലീഗ് കേരള ടീമുകളുടെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് കൊച്ചിയിൽ നടക്കും. സംസ്ഥാന കായിക വകുപ്പ് മന്ത്രി വി.അബ്ദുറഹ്മാൻ, എഐഎഫ്എഫ് പ്രസിഡന്റ് കല്യാൺ ചൗബേ, ടീം ഉടമകൾ, കായികതാരങ്ങൾ, കായിക രംഗത്തെ പ്രമുഖർ, രാജ്യത്തിനു വേണ്ടി ബൂട്ടണിഞ്ഞ മുൻകാലതാരങ്ങൾ, പരിശീലകർ, വ്യവസായ മേഖലയിലെ പ്രമുഖർ, കായിക മേഖലയിലെ വിവിധ അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. 6 ടീമുകളാണ് അദ്യ സീസണിൽ മത്സരിക്കുക.കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ, സ്കോർലൈൻ സ്പോർട്സ് ഡയറക്ടർ ഫിറോസ് മീരാൻ, സൂപ്പർ ലീഗ് കേരള സി.ഇ.ഒ മാത്യു ജോസഫ്, കേരള ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി പി, അനിൽകുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# റോഡ് സുരക്ഷ: എസ്.സി.എം.എസും സിഹെഡും കൈകോർക്കുന്നു

**കൊച്ചി:** നഗരത്തിലെ റോഡ് സുരക്ഷ, ഗതാഗതനവീകരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുയി ടങ്ങളിലും സുരക്ഷാ ക്ലാസ്സുകൾ, ജംഗ്ഷനുകൾ, റോഡ് എന്നിവ കേന്ദ്രീകരിച്ചുള്ള സുരക്ഷാ ഓഡിറ്റ്,ഗതാഗത, റോഡുസുരക്ഷാ സംബന്ധിച്ച പഠനങ്ങൾ, തുടങ്ങിയ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാപത്രത്തിൽ കൊച്ചി നഗരസഭയുടെ കീഴിലുള്ള സെന്റർ ഫോർ ഹെറിറ്റേജ് എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റും (സി ഹെഡ്) എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർട്ടേഷനും (സേർസ്റ്റ്) ഒപ്പുവെച്ചു. ഇത് സംബന്ധിച്ച് എന്ന് നടന്ന ചടങ്ങിൽ മേയർ അഡ്വ. എം. അനിൽകുമാറും എസ്.സി.എം.എസ് ഗ്രൂപ്പ് വൈസ് ചെയർമാൻ പ്രൊഫ. പ്രമോദ് പി. തേവന്നൂരും ധാരണാപത്രം കൈമാറി. എസ്.സി.എം.എസ് ഗ്രൂപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രതീക് നായർ, സേർസ്റ്റ് ഡയറക്ടർ ആദർശ്കുമാർ ജി നായർ, സി ഹെഡ് ഡയറക്ടർ ഡോ.രാജൻ എന്നിവർ പങ്കെടുത്തു.

# ശ്രീലങ്കൻ ടഗ്ഗ് മഹാവേവ് വിഴിഞ്ഞത്ത്

**വിഴിഞ്ഞം:** അദാനിയുടെ വക ബാർജിനെ കെട്ടിവലിച്ച് കൊണ്ടുപോകാനുള്ള ദൗത്യവുമായി ശ്രീലങ്കൻ ടഗ്ഗ് വിഴിഞ്ഞത്ത്.

ശ്രീലങ്കയിലെ ട്രിങ്കോ മാലിയിൽ നിന്ന് ഇന്നലെ വൈകുന്നേരം മൂന്നരയോടെ വിഴിഞ്ഞം മദർ പോർട്ടിൽ നങ്കൂരമിട്ട മഹാവേവ് കാലാവസ്ഥ അനുകൂലമായാൽ ഇന്ന് രാവിലെ പത്തോടെ തീരം വിടും. കൊളംബോ പോർട്ടിൽ നടക്കുന്ന അദാനിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാനുള്ള ശാന്തി സാഗർ 10 എന്ന കൂറ്റൻ ബാർജിനെ ശ്രീലങ്കയിൽ എത്തിക്കുകയാണ് മഹാവേവിൻറെ ലക്ഷ്യം.



ക്യാപ്റ്റൻ കരണഗോഡേജ് ഉൾപ്പെടെയുള്ള പതിനാലംഗ ജീവനക്കാരും ശ്രീലങ്കൻ സ്വദേശികളുമാണ് ടഗ്ഗിലുള്ളത്. ആദ്യമായാണ് ബാർജിനെ കെട്ടിവലിച്ച് അന്യരാജ്യത്തേക്ക് കൊണ്ടുപോകാൻ വിഴിഞ്ഞത്ത് ഒരു ടഗ്ഗ് അടുക്കുന്നത്.

പോർട്ട് പർസർ ബിനുലാൽ , അസി. പോർട്ട് കൺസർവേറ്റർ അജീഷ് എന്നിവരുടെ നേതൃത്വത്തിൽ നടപടികൾ പൂർത്തിയാക്കി. വാട്ടർ ലൈൻ ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക് എംഡി മനോജാണ് ടഗ്ഗിനെ വിഴിഞ്ഞത്ത് എത്തിച്ചത്.



# ടെൻഡൻസ മിസ്സിസ് തൃശൂർ 2024 ആയി മെറിൻ ജിപ്സ

**കൊച്ചി:** ടെൻഡൻസ മിസ്സിസ് തൃശൂർ 2024 ആയി മെറിൻ ജിപ്സയും മിസ് തൃശൂരായി ലിയാന ഖാലിദ് വി യും തിരഞ്ഞെടുക്കപ്പെട്ടു.നയന ബാലകൃഷ്ണനാണ് മിസ്സിസ് കാറ്റഗറിയിൽ ഫസ്റ്റ് റണ്ണർ അപ്പ്.സ്മിത ബൈജുവാണ് സെക്കന്റ് റണ്ണർ അപ്പ്. അനിഷു മറിൻ പൊന്നൂസ് ആണ് മിസ് കാറ്റഗറിയിൽ ഫസ്റ്റ് റണ്ണർ അപ്പ്.സെക്കൻഡ് റണ്ണർ അപ്പ് ഐശ്വര്യ അനില.ഓൺലൈൻ ഓഡിഷനിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തി തൃശൂർ വെൽനെസ്സ് വേൾഡിലായിരുന്നു മൽസരം നടന്നത് വിഷ്ണു വത്സൻ ആയിരുന്നു ഷോ ഡയറക്ടർ.റാമാ മൻസൂർ, സ്മിത സേവിയർ, അനുപമ വി പി എന്നിവരായിരുന്നു ജഡ്ജിങ് പാനലിൽ ഉണ്ടായിരുന്നത്. തൃശ്ശൂർ സ്വദേശിനിയായ മെറിൻ, ഓസ്ട്രേലിയയിലെ എഡിത്ത് കൊവാൻ യൂണിവേഴ്സിറ്റിയിൽ നിന്നും നേഴ്സിങ്ങിൽ ബിരുദം നേടിക്കൊണ്ട് ഇപ്പോൾ മാൽദീവ്സിലുള്ള ഹോസ്പിറ്റലിൽ എക്സിക്യൂട്ടീവ് നേഴ്സായി ജോലി ചെയ്യുകയാണ്. ജാക്ക് ഡാർവിൻ എന്ന 7 വയസ്സുള്ള മകനും ഭർത്താവ് അഡ്വക്കേറ്റ് ഡാർവിൻ പോളും ആണ് കുടുംബം.മിസ്സിസ് കേരള പേജന്റ് 2023അവാർഡ് മികച്ച കാറ്റ് വാക്കിന് ലഭിച്ചിരുന്നു.സിംഗപ്പൂരിൽ നിന്നും ഫിറ്റ്നസ് കോച്ച്, ഹെൽത്ത് ആൻഡ് വെൽനസ് കോച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

വിഷ്ണു വത്സൻ (ഷോ ഡയറക്ടർ& ഒഫീഷ്യൽ കോറിയോഗ്രാഫർ)മിസ്സിസ് തൃശൂർ മെറിൻ ജിപ്സ, പത്മകുമാർ (ഡിജിറ്റൽ പാർട്ണർ ഷോമാനേജർ) വി വി ശ്രീകുട്ടൻ ( ഏഷ്യ ബുക്സ് ഓഫ് റെക്കോർഡ് ഹോൾഡർ, ഇന്റർനാഷണൽ ഷോ ഡയറക്ടർ ) തുടങ്ങിയവർ വാർത്താ സമ്മേളനത്തില പങ്കെടുത്തു

# പാഞ്ചജന്യം അനക്സ് നിർമാണം പുനരാരംഭിക്കുന്നു

**ഗുരുവായൂർ:** പതിനേഴ് വർഷമായിട്ടും നിർമാണം പൂർത്തീകരിക്കാതെ പാതിവഴിയിലുപേക്ഷിക്കുമെന്ന ഘട്ടത്തിലെത്തിയ ദേവസ്വത്തിൻറെ പാഞ്ചജന്യം അനക്സിൻറെ നിർമാണം പുനരാരംഭിക്കുന്നു. നിർമാണം ഏറ്റെടുത്ത പുതിയ കമ്പനിയുമായി ദേവസ്വം കരാർ ഒപ്പിട്ടു. കോഴിക്കോട് ആസ്ഥാനമായ മൂപ്പൻസ് ആസ്ടെക് പിഎൽപി എന്ന കമ്പനിയാണ് നിർമാണം ഏറ്റെടുത്തിട്ടുള്ളത്. 21,000 ചതുരശ്ര അടിയിൽ 56 മുറികളും താഴത്തെ നിലയിൽ എട്ട് കടമുറികളുമാണുള്ളത്. 5.53 കോടിയാണ് പുതിയ എസ്റ്റിമേറ്റ് തുക. ലിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഒരുക്കും.

2007ൽ അന്ന് ദേവസ്വം മന്ത്രിയായിരുന്ന ജി. സുധാകരനാണ് പാഞ്ചജന്യം അനക്സിൻറെ നിർമാണോദ്ഘാടനം നിർവഹിച്ചത്. പാഞ്ചജന്യം റസ്റ്റ് ഹൗസിനോടുചേർന്ന് അഞ്ചു നിലകളിലായി നിർമിക്കുന്ന കെട്ടിടത്തിൻറെ നിർമാണം പാതിവഴിയിൽ നിലയ്ക്കുകയായിരുന്നു. മാറിവന്ന ഭരണസമിതികൾ നിർമാണം പുനരാരംഭിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല.

ഡോ.വി.കെ. വിജയൻ ചെയർമാനായ നിലവിലെ ഭരണസമിതിയാണ് പദ്ധതിക്ക് പുതുജീവൻ നൽകിയത്.

ദേവസ്വം മരാമത്ത് വിഭാഗം നടപടിക്രമങ്ങൾ വേഗത്തിലാക്കി. തൃശൂർ എൻജിനീയറിംഗ് കോളജിലെ വിദഗ്ധ സംഘത്തിൻറെ നിർദേശങ്ങൾ പാലിച്ച് കെട്ടിടത്തിൻറെ ബലക്കുറവ് പരിഹരിക്കുന്നതിനുള്ള കാര്യങ്ങളും നിർമാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യം.






# ഹോണ്ട ബെംഗളൂരിൽ പുതിയ ആർ & ഡി സെൻറർ തുറന്നു

**കൊച്ചി:** ഹോണ്ട മോട്ടോർ കമ്പനി ലിമിറ്റഡിൻറെ അനുബന്ധ സ്ഥാപനമായ ഹോണ്ട ആർ & ഡി (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് (എച്ച്ആർഐഡി) ബെംഗളൂരിൽ പുതിയ റിസർച്ച് & ഡെവലപ്മെൻറ് സെൻറർ തുറന്നു.

ഇന്ത്യയിൽ മോട്ടോർ സൈക്കിളുകൾക്കും പവർ ഉൽപന്നങ്ങൾക്കുമായി ഹോണ്ടയുടെ ഗവേഷണ വികസന വിഭാഗമായാണ് ആർ & ഡി ഫെസിലിറ്റികൾ പ്രവർത്തിക്കുന്നത്. നിലവിലുള്ള ബിസിനസുകളിലും ഉത്പന്നങ്ങളിലും പുതിയ ആശയങ്ങളും സേവനങ്ങളും വികസിപ്പിക്കുന്നതിന് കമ്പനിയുമായി സെൻറർ സഹകരിക്കും.2050ഓടെ കമ്പനിയുടെ എല്ലാ ഉൽപ്പന്നങ്ങളിലും കോർപറേറ്റ് പ്രവർത്തനങ്ങളിലും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന ആഗോള ലക്ഷ്യം ഹോണ്ട നേരത്തേ പ്രഖ്യാപിച്ചിട്ടുണ്ട്.

മോട്ടോർസൈക്കിൾ ബിസിനസിൽ 2040ഓടെ എല്ലാ ഉത്പന്നങ്ങളിലും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

2070ഓടെ ഹരിതഗൃഹ വാതക പ്രസരണം പൂർണമായും ഇല്ലാതാക്കുന്നതിന് രാജ്യം പ്രവർത്തിക്കുമെന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷനിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു.

# ഭാരത് ടെക് ട്രയംഫിൻെറ രണ്ടാം സീസണുമായി വിൻസോ

**കൊച്ചി:** പ്രാദേശിക ഭാഷാ വിനോദ പ്ലാറ്റ്ഫോമായ വിൻസോ മെയ്ഡ് ഇൻ ഇന്ത്യാ സാങ്കേതികവിദ്യാ കയറ്റുമതി ലക്ഷ്യമിട്ടുള്ള ഭാരത് ടെക് ട്രയംഫ് പ്രോഗ്രാമിൻറെ രണ്ടാം സീസൺ സംഘടിപ്പിക്കുന്നു. ഗെയിം ഡെവലപർമാർ, സ്റ്റുഡിയോകൾ, സ്റ്റാർട്ടപ്പുകൾ, തുടങ്ങിയവയ്ക്ക് രണ്ടാം സീസണിൽ പങ്കെടുക്കാം. ഭാരത് ടെക്നോളജി ട്രയംഫ് രണ്ടാം സീസൺ വിജയികൾക്ക് തങ്ങളുടെ നവീനമായ ഗെയിമുകളും ഗെയിമിങ് സാങ്കേതികവിദ്യകളും ജൂൺ 26 മുതൽ 30 വരെ ബ്രസീലിൽ നടക്കുന്ന ഗെയിംസ്കോമിലെ ഇന്ത്യൻ പവിലിയനിൽ പൂർണ സ്പോൺസർഷിപ്പോടെ അവതരിപ്പിക്കാൻ അവസരം ലഭിക്കും. ഈ രംഗത്തെ പ്രത്യേക പ്രഖ്യാപനങ്ങൾ നടത്താനും പദ്ധതികൾ പുറത്തിറക്കാനും അത്യാധുനീക സാങ്കേതികവിദ്യകൾ അവതരിപ്പിക്കാനുമുള്ള ഉത്തമമായ വേദിയാണ് ഗെയിംസ്കോം. മൊബൈൽ ഗെയിം നിർമാണം, ഗെയിമിങ് അനുബന്ധ സാങ്കേതികവിദ്യ, ഇതുമായി ബന്ധപ്പെട്ട പിന്തുണ ഉൽപന്നങ്ങൾ തുടങ്ങിയ മേഖലകളിലുള്ള ഡെവലപർമാർ, സ്റ്റുഡിയോകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയ്ക്കാണ് ഭാരത് ട്രയംഫ് ടെക്നോളജി പ്രോഗ്രാമിൻറെ ഭാഗമായുള്ള ഈ മൽസരത്തിൽ പങ്കെടുക്കാൻ അർഹത. വെബ് 2.0, വെബ് 3.0 (ബ്ലോക്ക് ചെയിൻ) കമ്പനികൾ, ഡെവലപ്മെൻറിൻറെ ഏതു ഘട്ടത്തിലുമുള്ള കമ്പനികൾ തുടങ്ങിയവയ്ക്ക് പങ്കെടുക്കാം. മെയ് 14 വരെ അപേക്ഷിക്കാം.

# 513 കോടി രൂപ സമാഹരിച്ച് ഐ ഐ ടി മദ്രാസ്

**കൊച്ചി:** ഐ ഐ ടി മദ്രാസ് 202324 സാമ്പത്തിക വർഷത്തിൽ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും കോർപ്പറേറ്റ് പങ്കാളികളിൽ നിന്നും വ്യക്തിഗത ദാതാക്കളിൽ നിന്നമായി 513 കോടി രൂപ സമാഹരിച്ചു. ലഭിക്കുന്ന ഫണ്ടുകൾ സാങ്കേതിക ഗവേഷണത്തിനും വികസനത്തിനും ഒപ്പം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ ഐ ടി മദ്രാസ് ഇതിനകം നിർമ്മിച്ച ടെക്നോളജി വിന്യസിക്കുന്നതിനായും ഉപയോഗിക്കും. അതിന് പുറമെ, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും നൽകും. 202223 സാമ്പത്തിക വർഷത്തിൽ ടെക്നോളജി ഗവേഷണം നടത്തുന്നതിനായി 218 കോടി രൂപയാണ് സമാഹരിച്ചത്.എക്കാലത്തെയും ഉയർന്ന തുകയാണ് ഈ വർഷം ഐ ഐ ടി മദ്രാസിന് സമാഹരിക്കാനായത്. ഈ വർഷം ആരംഭിച്ച പുതിയ സംരംഭമായ സ്പോർട്സ് എക്സലൻസ് അഡ്മിഷൻ പ്രോഗ്രാം, മികച്ച ടെക് ഗവേഷണം, സ്റ്റുഡന്റ് പ്രോജക്ടുകൾ, ക്യാമ്പസിലെ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ എന്നിവയ്ക്കായി ഒരു വിദ്യാഭ്യാസ സ്ഥാപനം ഒരു സാമ്പത്തിക വർഷം സമാഹരിച്ച ഏറ്റവും ഉയർന്ന തുക എന്ന റെക്കോർഡാണ് തുടർച്ചയായ രണ്ടാം വർഷവും ഇൻസ്റ്റിറ്റ്യൂട്ട് കൈവരിച്ചത്.

ഇന്ത്യൻ, മൾട്ടിനാഷണൽ കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സി എസ് ആർ ഫണ്ടുകൾക്കും ഗ്രാന്റുകൾക്കും പുറമെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും വ്യക്തിഗത മനുഷ്യസ്നേഹികളിൽ നിന്നുമാണ് ഫണ്ട് സമാഹരിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന് 1 കോടി രൂപയിൽ കൂടുതൽ നൽകിയ ദാതാക്കളുടെ എണ്ണം 48 ആണ് (പൂർവ്വവിദ്യാർത്ഥികളായ 16 ദാതാക്കളും, 32 കോർപ്പറേറ്റ് പങ്കാളികളും). അക്കാദമിക് വളർച്ചയ്ക്ക് ഫണ്ടിംഗിൽ മികച്ച വർദ്ധനവാണുണ്ടായതെന്ന് ഐ ഐ ടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി പറഞ്ഞു.

# ജൈവവൈവിധ്യസംരക്ഷണം: സിഎംഎഫ്ആർഐയിൽ ചിത്രരചന മത്സരം

**കൊച്ചി:** ജൈവവൈവിധ്യത്തെ കുറിച്ചുള്ള ബോധവൽകരണത്തിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരം സംഘടിപ്പിക്കുന്നു. അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനമായ മെയ് 22ന് രാവിലെ 10ന് സിഎംഎഫ്ആർഐയിൽ വെച്ചാണ് മത്സരം. ആറ് വയസ്സ് വരെ സബ്ജൂനിയർ, ആറ് മുതൽ 12 വരെ ജൂനിയർ, 12 മുതൽ 18 വയസ്സ് വരെ സീനിയർ എന്നീ മൂന്ന വിഭാഗങ്ങളിലായാണ് മത്സരം.

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ cmfrimbemd@gmail.com എന്ന വിലാസത്തിൽ ഇപ്പോൾ അപേക്ഷിക്കാം. ഫോൺ 9497189941. സിഎംഎഫ്ആർഐയിൽ നടക്കുന്ന അന്താരാഷ്ട്ര ജൈവവൈവിധ്യദിനാചരണ പരിപാടിയിൽ ദേശീയ ജൈവവൈവിധ്യ ബോർഡ് മുൻ ചെയർപേഴ്സൺ ഡോ ബി മീനാകുമാരി മുഖ്യാതിഥിയാകും.

